ക്ലാസ്സ്
10

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2026-27

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പാർട്ട് 1

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **6×1=6**

1. വിശ്വാസസംരക്ഷകരുടെ കൃതികൾ?
(ലേഖനങ്ങൾ, അപ്പോളജി, വേദപുസ്തക വ്യാഖ്യാനങ്ങൾ)
2. മിലാൻ വിളംബരം നടന്ന വർഷം?
(AD 313, AD 333, BC 313)
3. പൗരസ്ത്യ സന്യാസസഭകളുടെ പിതാവ്?
(വി. ജോൺ ക്രിസോസ്റ്റോം, വി. ബേസിൽ, വി. അഗസ്തീനോസ്)
4. വി. അത്തനേഷ്യസിന്റെ ജന്മസ്ഥലം?
(തഗാസ്തെ, അന്ത്യോക്യ, അലക്സാണ്ട്രിയ)
5. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നവനാണ് നല്ല അയൽക്കാരൻ എന്ന് പഠിപ്പിക്കുന്ന ഉപമ?
(വിവാഹ വിരുന്നിന്റെ ഉപമ, നല്ല സമറായന്റെ ഉപമ, വിതക്കാരന്റെ ഉപമ)
6. സഭാരൂപീകരണത്തിന്റെ ആദ്യപടി?
(അത്ഭുത പ്രവർത്തനം, പ്രാർത്ഥനാജീവിതം, സുവിശേഷ പ്രഘോഷണം)

ഒറ്റവാക്കിൽ ഉത്തരമെഴുതുക. **6×1=6**

7. പ്രഥമ പ്രേഷിതനായ ഈശോ തന്റെ പ്രേഷിതദൗത്യം പ്രഖ്യാപിച്ച സ്ഥലം?
8. പിതാവായ ദൈവത്തിന്റെ പദ്ധതി പ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷിതത്വത്തിൽ നിന്നാണ് സഭയുടെ ഉത്ഭവമെന്നു പ്രഖ്യാപിച്ച കൗൺസിൽ?
9. നീറോ ചക്രവർത്തിയുടെ കാലത്ത് റോമിൽവെച്ച് തലകീഴായി കുരിശിൽ തറക്കപ്പെട്ട അപ്പസ്തോലൻ?
10. മാനുഷിക ബന്ധങ്ങൾ സ്നേഹനിർഭരമാകാൻ ആദിമസഭയെ സഹായിച്ചതെന്ത്?
11. ഓരോ സഭയേയും 'വിശുദ്ധർ' എന്ന് അഭിസംബോധന ചെയ്യുന്ന ശ്ലീഹ?
12. മാമ്മോദീസായും തൈലാഭിഷേകവും വഴി ഓരോ വിശ്വാസിയും ഏറ്റെടുക്കുന്ന ദൗത്യം?

പൂരിപ്പിക്കുക **6×1=6**

13. വി. അമ്മത്രേസ്യായുടെ ജന്മസ്ഥലം ..... ആണ്.
14. ദൈവവചനത്തിന്റെ കാതലാണ് .....
15. വി. കൊച്ചുത്രേസ്യ തന്റെ പ്രാർത്ഥനയിലൂടെ മാനസാന്തരപ്പെടുത്തിയ കുറ്റവാളിയാണ് .....
16. പ്രാർത്ഥിക്കുന്ന അമ്മ എന്നറിയപ്പെടുന്ന വിശുദ്ധയാണ് .....
17. വി. അൽഫോൻസാമ്മ തന്റെ പ്രേഷിത ശുശ്രൂഷ പൂർത്തിയാക്കിയ മാർഗ്ഗം ..... ആയിരുന്നു.
18. ..... വരെ സ്നേഹിച്ചുകൊണ്ടേയിരിക്കണമെന്നാണ് വി. മദർ തെരേസ പറഞ്ഞത്.

ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **7×2=14**

19. ഈശോ ലോകത്തിന് ദൈവരാജ്യം വെളിപ്പെടുത്താനുപയോഗിച്ച രണ്ടു മാർഗ്ഗളേവ?
20. വി. അഗസ്തീനോസിന്റെ ജന്മസ്ഥലവും മാതാപിതാക്കളുടെ പേരുകളും എഴുതുക.
21. ഈശോയെ രക്ഷകനായി സ്വീകരിച്ചുകൊണ്ട് അനേകർ സഭയിലേക്ക് കടന്നുവന്നതെങ്ങനെ?
22. സുവിശേഷ പ്രഘോഷകയായ സഭ തന്റെ ദൗത്യം നിർവ്വഹിക്കുന്നതെങ്ങനെ?

23. 'മതപീഡനങ്ങൾ സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത് ' കാരണമെന്ത്?

24. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്കു വന്ന ഈശോ നൽകിയ ആഹ്വാനമെന്ത്?

25. പ്രാർത്ഥനയുടെ പ്രേഷിതത്വത്തിന് സഭയെ പ്രേരിപ്പിക്കുന്ന ഘടകമെന്ത്?

മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരം എഴുതുക. **4×4=16**

26. പ്രവർത്തന നിരതമായ വിശ്വാസം സുപ്രധാനമാണ്. വ്യക്തമാക്കുക.

27. നോട്ടുകുറിക്കുക - അപ്പസ്തോല പിതാക്കന്മാർ

28. പന്തക്കുസ്താദിനത്തിൽ പത്രോസ് ശ്ലീഹായുടെ പ്രസംഗം കേട്ട് ജനങ്ങൾ "സഹോദരന്മാരേ, ഞങ്ങൾ എന്ത് ചെയ്യണം" എന്നു ചോദിച്ചപ്പോൾ പത്രോസ് നൽകിയ മറുപടിയെന്ത്?

29. കുറിപ്പെഴുതുക - സമർപ്പിതർ

ഒരു ഖണ്ഡികയിൽ (Paragraph) **ഉത്തരമെഴുതുക.** **1×5=5**

30. പ്രാർത്ഥനയിൽ അടിയുറച്ച സമൂഹമാണ് ആദിമ ക്രൈസ്തവ സമൂഹം. വിശദമാക്കുക.

വിശദീകരിച്ച് ഉത്തരമെഴുതുക. **1×7=7**

31. സഭയുടെ ജീവകാരുണ്യ പ്രവർത്തനമേഖലകൾ.

പാർട്ട് 2

ഒറ്റവാക്കിൽ ഉത്തരം എഴുതുക. **6×1=6**

32. ദേവസഹായം പിള്ളയെ വിശേഷിപ്പിക്കുന്നതെങ്ങനെ?

33. വി. മറിയം ത്രേസ്യായുടെ തിരുനാൾ ദിനം?

34. വത്തിക്കാന്റെ മുഖപത്രം?

35. CBCI യുടെ ആസ്ഥാനം?

36. KCBC യുടെ പൂർണ്ണരൂപം?

37. ഭാരതത്തിൽ നിന്നുള്ള ആദ്യത്തെ കർദ്ദിനാൾ?

ഉത്തരമെഴുതുക.

38. വി. അൽഫോൻസാമ്മയുടെ ഒരു പുണ്യവചനം എഴുതുക. **2**

39. പരിശുദ്ധാരൂപിയുടെ ഫലങ്ങൾ 8 എണ്ണം എഴുതുക. **4**

40. മാർത്തോമാ നസ്രാണികളുടെ കലകളായ മാർഗ്ഗംകളി, പരിചമുട്ടുകളി എന്നിവയേക്കുറിച്ച് ചുരുക്കി എഴുതുക. **4**

വചനം പൂർത്തിയാക്കുക. **2×2=4**

41. "വിശ്വാസികളുടെ സമൂഹം .... ആയിരുന്നു." (അപ്പ. 4:32)

42. "ദൈവവചനം ..... അതനുസരിച്ച് ..... ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും." (ലൂക്കാ 8:21)